**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6061** **09-11-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവികളുടെ കണക്കെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവികളുടെ കണക്കെടുപ്പ് നടത്തുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | വനമേഖലയെ ബ്ളോക്കുകളായി തിരിച്ച്, അതിലൂടെ സഞ്ചരിച്ച് നേരിട്ട് കാണുന്ന മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന ബ്ളോക്ക് കൗണ്ട് (Block count – direct method), ഓരോ ബ്ളോക്കിലും നിശ്ചയിക്കുന്ന നിർദ്ദിഷ്ട നേർരേഖയിലൂടെ സഞ്ചരിച്ച് നേരിട്ട് കാണുന്ന മൃഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്ന Block count line transect – direct sighting, വനമേഖലയെ ചെറിയ ഗ്രിഡുകളായി തിരിച്ച് അവയിൽ സ്ഥാപിക്കുന്ന ക്യാമറകൾ ഉപയോഗിച്ച് ചിത്രം എടുക്കുന്ന Camera Trapping Method, ആനക്കൂട്ടങ്ങളുടെ പ്രായം, ആൺ-പെൺ ഇനം എന്നിവ അറിയുന്നതിനായി ജലസ്രോതസ്സുകൾ കേന്ദ്രീകരിച്ച് നടത്തുന്ന Water hole Count method എന്നിവ പ്രത്യക്ഷ രീതിയിലുള്ള കണക്കെടുപ്പുകളാണ്. ട്രാൻസെക്ടുകളിൽ കൂടി സഞ്ചരിക്കുമ്പോൾ മൃഗങ്ങളുടെ കാഷ്ഠം കാണുന്നതനുസരിച്ച് അവയുടെ ഇനം, എണ്ണം എന്നിവ തിട്ടപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന Dung Count Method എന്നത് പരോക്ഷമായ രീതിയിലുള്ള കണക്കെടുപ്പുകളാണ്. ആനയുടെ കണക്കെടുപ്പിന് Block Count Direct sighting, Line transect dung count, Water hole Count, Dung decay rateഎന്നീ രീതികൾ അവലംബിക്കാറുണ്ട്. കടുവകളുടെ എണ്ണം കണക്കാക്കുന്നത് Camera Trapping രീതി അവലംബിച്ചാണ്. കാട്ടുപോത്ത്, മാൻ, കാട്ടുപന്നി, കുരങ്ങ് വർഗ്ഗജീവികൾ എന്നിവയുടെ എണ്ണം കണക്കാക്കുന്നതിന് Block Count direct sighting, Line transect direct sighting, എന്നീ രീതികളാണ് സാധാരണ സ്വീകരിക്കാറുള്ളത്. |
| (ബി) | വന്യജീവികളുടെ കണക്കെടുപ്പ് കുറ്റമറ്റതാക്കുന്നതിനുവേണ്ടി ഉപഗ്രഹ നിരീക്ഷണ | (ബി) | വന്യജീവികളുടെ കണക്കെടുപ്പ് കുറ്റമറ്റതാക്കുന്നതിനുവേണ്ടി ഉപഗ്രഹ നിരീക്ഷണ |

| | | | |
|---|---|---|---|
| | സംവിധാനം ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; ഈ സംവിധാനം ഉപയോഗിച്ച് വന്യമൃഗങ്ങൾക്കുള്ള കുടിവെള്ള ലഭ്യതയും ഭക്ഷ്യലഭ്യതയും സംബന്ധിച്ച വിവരങ്ങൾ കണ്ടെത്തുന്നതിന് കഴിയുന്നുണ്ടോ; വിശദീകരിക്കുമോ; | | സംവിധാനം നിലവിൽ ഉപയോഗിക്കുന്നില്ല. ഉപഗ്രഹ നിരീക്ഷണ സംവിധാനം ഉപയോഗിച്ച് വന്യമൃഗങ്ങൾക്കുള്ള കുടിവെള്ള ലഭ്യതയും ഭക്ഷ്യലഭ്യതയും സംബന്ധിച്ച വിവരങ്ങൾ കണ്ടെത്തുന്നതിന് നിലവിൽ സംവിധാനം ഇല്ല. |
| (സി) | വന്യജീവികളുടെ അസന്തുലിതമായ വർദ്ധനവ് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | വന്യജീവികളുടെ അസന്തുലിതമായ വർദ്ധനവ് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട് എന്ന് പറയുവാൻ കഴിയില്ല. ചുവടെ ചേർക്കുന്ന വന്യജീവികളുടെ കണക്കുകൾ പ്രകാരം വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടില്ല. |
| (ഡി) | വന്യമൃഗങ്ങൾക്ക് ഭക്ഷ്യലഭ്യതയും കുടിവെള്ള ലഭ്യതയും ഉറപ്പുവരുത്തുന്ന തരത്തിലുള്ള ആവാസ വ്യവസ്ഥ നിലനിർത്തേണ്ടതിന്റെ ആവശ്യകത പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ, ചെക്കുഡാമുകളുടെ നിർമ്മാണം, തദ്ദേശിയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

1. കടുവ

| **സെൻസസ് വർഷം** | **2006** | **2010** | **2014** | **2018** |
|---|---|---|---|---|
| എണ്ണം | 46 | 71 | 136 | 190 |

2. കാട്ടാന

| **സെൻസസ് വർഷം** | **2005** | **2007** | **2010** | **2012** | **2017** |
|---|---|---|---|---|---|
| എണ്ണം | 5135 | 6068 | 6026 | 6177 | 5706 |

3. വരയാട്

| **സെൻസസ് വർഷം** | **2016** | **2017** | **2018** | **2019** | **2020** |
|---|---|---|---|---|---|
| എണ്ണം | 1420 | 575 | 643 | 526 | 723 |

4. ഇതര സസ്തനികൾ

| **ജീവി വർഗ്ഗം** | **വർഷം** | | |
|---|---|---|---|
| | **1997** | **2002** | **2011** |
| കാട്ടുപോത്ത് | 4151 | 14787 | 17860 |
| മ്ലാവ് | 23661 | 30414 | 32148 |
| പുള്ളിമാൻ | 14881 | 38391 | 11398 |
| കാട്ടുപന്നി | 40425 | 60940 | 48034 |